## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1429** — **21.03.2012 - ൽ മറുപടിയ്ക്ക്**

## കേന്ദ്രാവിഷ്കൃത പദ്ധതികൾ 25 ശതമാനം ഉപാധിരഹിത ഫണ്ടായി അനുവദിക്കണമെന്ന ആവശ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ബെന്നി ബെഹനാൻ | | കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് നടപ്പാക്കാൻ നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് നടപ്പാക്കാൻ നടപടി ക്രമങ്ങൾ ലളിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി നല്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള പ്ലാനിംഗ് കമ്മീഷൻ മെമ്പർ ശ്രീ.ബി.കെ.ചതുർവേദി അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ 25 ശതമാനം ഉപാധിരഹിത ഫണ്ടായി അനുവദിക്കണമെന്ന എൻ.ഡി.സി.യിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കേന്ദ്ര സർക്കാർ സമൂലമായ മാറ്റം വരുത്തണമെന്ന് NDC യിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. |
| (സി) ഇതിന്മേലുള്ള കേന്ദ്ര സമീപനം എന്താണെന്ന് വിശദമാക്കുമോ ? | (സി) | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

Sheela H